നം.

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-**04/05/2022**

## <u>സർക്കുലർ നമ്പർ:18/2022</u>

വിഷയം:- ക്ഷീരവികസന വകുപ്പ്- പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ ജീവനക്കാരുടെ ശമ്പളപരിഷ്കരണം - 80-ാം വകുപ്പ് നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 10/06/2015 ലെ നം.സി2/5844/2015 നമ്പർ സർക്കുലർ.

പരമാവധി ക്ഷീരകർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിച്ച് കൊണ്ടുവരുന്നതിനും നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും ഉൽപാദകർ അളക്കുന്ന പാലിന് അധിക വില സംഘങ്ങളിൽ നിന്നും നൽകി വരുന്നുണ്ട്. എന്നാൽ പല സംഘങ്ങളും വ്യാപാരലാഭം നോക്കാതെ ചാർട്ട് വിലയിൽ അധികരിച്ച് അധിക പാൽവില നൽകുന്നത് സംഘത്തിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നതായും സംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം യഥാസമയം നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നതായും വ്യാപകമായ പരാതി ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ 80-ാം വകുപ്പ് പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കിയതിന്റെ പുരോഗതി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ല എന്നു കാണുന്നു . ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ 80-ാം വകുപ്പ് പ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വ്യാപാരലാഭം കണക്കാക്കേണ്ടതും സംഘത്തിന്റെ ദൈനംദിന പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കുമുള്ള തുക വകയിരിത്തേണ്ടതുമാണ്.
2. ഇപ്രകാരം തുക വക മാറ്റിയതിന് ശേഷം വ്യാപരലാഭത്തിന്റെ കൃത്യമായ കണക്ക് ബോധ്യപ്പെടുത്തി ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ അനുമതിയോട് കൂടി മാത്രം ഉൽപാദകർക്ക് അധിക പാൽ വില നൽകുന്നതിന് അംഗീകാരം വാങ്ങാവുന്നതാണ്.
3. അംഗീകരിച്ച ചാർട്ട് വിലയേക്കാൾ അധിക പാൽ വില നൽകുന്നതുമൂലം സംഘം ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ച നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഭരണസമിതിയുടെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും ഉത്തരവാദിത്തമാണ്.
4. ജീവനക്കാരുടെ 80-ാം വകുപ്പ് പ്രകാരമുള്ള ശമ്പളപരിഷ്കരണത്തിനുള്ള അപേക്ഷ മാസങ്ങളായി ക്ഷീരവകസന യൂണിറ്റുകളിൽ കെട്ടിക്കിടക്കുന്നതായി വിവിധ സംഘടനകൾ പരാതിപ്പെട്ടിരിക്കുന്നു. അന്വേഷണത്തിൽ ഏതാനും ജില്ലകളിൽ ടി ആരോപണം ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ നാളിതുവരെ സെക്ഷൻ 80 നടപ്പിലാക്കാത്ത സംഘങ്ങളിലെ ശമ്പളപരിഷ്കരണത്തിനുള്ള അപേക്ഷകൾ ക്ഷീരവികസന ഓഫീസർമാർ പരിശോധിച്ച് ശുപാർശയോടെ മേലൊപ്പ് സഹിതം ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതും ഡെപ്യൂട്ടി

ഡയറക്ടർമാർ പ്രസ്തുത അപേക്ഷകൾക്ക് നിരുപാധികം അംഗീകാരം നൽകേണ്ടതുമാണ്.

Signature Not Verified
**ഡയറക്ടർ**
Digitally signed by V P SURESHKUMAR
Date: 2022.05.04 17:56:19 IST
Reason: Approved

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും